ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 02.06.2025

TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ആഗോള വ്യോമഗതാഗത വ്യവസായത്തിൽ ഇന്ത്യ മുൻനിര ശക്തിയായി ഉയർന്നുവരുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. IATA-യുടെ 81-ാമത് വാർഷിക പൊതുയോഗത്തെ ന്യൂഡൽഹിയിൽ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

   **India is Emerging as a Leading Power in Global Aviation Industry says Prime Minister Narendra Modi. PM Addresses 81st Annual General Meeting of IATA in New Delhi.**

2. ഐക്യരാഷ്ട്രസഭയുൾപ്പെടെ വിവിധ ബഹുരാഷ്ട്ര സംഘടനകളിലെ പൊതു താൽപര്യമുള്ള വിഷയങ്ങളിൽ ഒരുമിച്ച് പ്രവർത്തിക്കുന്നത് തുടരാൻ ഇന്ത്യയും പരാഗ്വേയും ധാരണയായി.

   **India and Paraguay have expressed willingness to continue working together on matters of common interest in various multilateral organizations, including in the United Nations.**

3. കൃത്യമായ പരിശോധനകൾ നടക്കുന്നതിനാലാണ് കേരളത്തിൽ കൂടിയ തോതിൽ കോവിഡ് വ്യാപനം റിപ്പോർട്ട് ചെയ്യുന്നതെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

   **Higher COVID-19 Cases in Kerala is due to extensive testing, says Health Minister Veena George.**

4. രാജ്യത്തിന്റെ വടക്കുകിഴക്കൻ മേഖലയിൽ അടുത്ത അഞ്ച് ദിവസം കനത്ത മഴയ്ക്ക് സാധ്യത. കേരളത്തിൽ മഴയ്ക്ക് നേരിയ ശമനം.

**IMD has forecast heavy rainfall over Northeast India during the next five days. In Kerala monsoon rains take break.**

5. യുഎസ് നിർദേശിച്ച ഗാസ വെടിനിർത്തൽ കരാറിൽ പരോക്ഷ ചർച്ചകൾക്ക് സന്നദ്ധത അറിയിച്ച് ഹമാസ്.

**Hamas agrees to begin indirect negotiations on US proposed Gaza ceasefire deal.**

6. ഏകദിന ക്രിക്കറ്റിൽ നിന്ന് വിരമിച്ച് ഓസ്ട്രേലിയൻ ഓൾറൗണ്ടർ ഗ്ലെൻ മാക്സ്വെൽ. ഐപിഎല്ലിൽ നാളെ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, പഞ്ചാബ് കിംഗ്സ് ഫൈനൽ.

**Star Australian all-rounder Glenn Maxwell announced his retirement from the One-Day International format. IPL 2025 is all set to get its new winner tomorrow as Royal Challengers Bengaluru and Punjab Kings will clash for the title.**

**&&&&&&&&&&&&&&&**

## PM - IATA (INTRO)

ആഗോള വ്യോമഗതാഗത വ്യവസായത്തിൽ ഇന്ത്യ മുൻനിര ശക്തിയായി ഉയർന്നുവരുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അന്താരാഷ്ട്ര വ്യോമഗതാഗത അസോസിയേഷന്റെ 81-ാമത് വാർഷിക പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

ലോകത്തിലെ മൂന്നാമത്തെ വലിയ ആഭ്യന്തര വ്യോമയാന വിപണിയായി ഇന്ത്യ മാറിയതായും ശ്രീ മോദി പറഞ്ഞു. വ്യോമയാന മേഖലയിൽ നയപരമായ നേതൃത്വത്തിന്റെയും നവീകരണത്തിന്റെയും സമഗ്ര വികസനത്തിന്റെയും പ്രതീകമാണ് ഇന്ത്യയെന്നും പ്രധാനമന്ത്രി അറിയിച്ചു.
**************************

## ALL PARTY DELEGATION

ഭീകരവാദത്തെത്തിനെതിരെ ഇന്ത്യയുടെ ശക്തമായ നിലപാട് ലോകത്തെ അറിയിക്കുന്നതിനായി എംപിമാരുടെ നേതൃത്വത്തിൽ സർവകക്ഷി പ്രതിനിധി സംഘങ്ങൾ വിദേശ പര്യടനം തുടരുന്നു. എൻസിപി (എസ് പി) എംപി സുപ്രിയ സുലെ, ജെഡിയു എംപി സഞ്ജയ് കുമാർ ഝാ, ശിവസേന എംപി ശ്രീകാന്ത് ഷിൻഡെ, ബിജെപി എംപിമാരായ രവിശങ്കർ പ്രസാദ്, ബൈജയന്ത് പാണ്ഡ, ഡി എം കെ എം പി കനിമൊഴി, കോൺഗ്രസ് എംപി ശശി തരൂർ തുടങ്ങിയവരാണ് ഏഴു സംഘങ്ങളെ നയിക്കുന്നത്. 32 രാജ്യങ്ങളിലാണ് പര്യടനം.
**************************

## MEA-BRIEFING (INTRO)

ഐക്യരാഷ്ട്രസഭയുൾപ്പെടെ വിവിധ ബഹുരാഷ്ട്ര സംഘടനകളിലെ പൊതു താൽപ്പര്യമുള്ള വിഷയങ്ങളിൽ ഒരുമിച്ച് പ്രവർത്തിക്കുന്നത് തുടരാൻ ഇന്ത്യയും പരാഗ്വേയും ധാരണയായി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും പരാഗ്വേ പ്രസിഡന്റ് സാന്റിയാഗോ പെന പലാസിയോസും ന്യൂഡൽഹിയിൽ വിവിധ വിഷയങ്ങളിൽ ചർച്ച നടത്തി. വ്യാപാരം, പ്രതിരോധം, ആരോഗ്യം, കൃഷി എന്നിവ ചർച്ചാ ചെയ്തതായി വിദേശകാര്യ മന്ത്രാലയ സെക്രട്ടറി പി കുമാരൻ പറഞ്ഞു.

(ഹോൾഡ് വോയിസ്)

മൂന്ന് ദിവസത്തെ സന്ദർശനത്തിനായാണ് പരാഗ്വേ പ്രസിഡന്റ് ഇന്ത്യയിലെത്തിയത്. വിദേശകാര്യ മന്ത്രി എസ്.

ജയ് ശങ്കർ, കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് എന്നിവരുമായി അദ്ദേഹം  ഇന്ന് കൂടിക്കാഴ്ച നടത്തിയിരുന്നു.
**************************

## GOYAL FRANCE VISIT

പാരിസിൽ മൂന്ന് ദിവസത്തെ സന്ദർശനത്തിനെത്തിയ കേന്ദ്രമന്ത്രി പിയുഷ് ഗോയൽ നാളെ ലോക വ്യാപാര സംഘടനയുടെ മന്ത്രിതല യോഗത്തിൽ പങ്കെടുക്കും. ഫ്രാൻസിലെ വാണിജ്യ-വ്യവസായ മന്ത്രിമാരുമായി കേന്ദ്രമന്ത്രി, ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര, നിക്ഷേപ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും ചർച്ചയാകും.

**************************

## NEET PG POSTPONED

ഈ വർഷത്തെ നീറ്റ് പിജി എൻട്രൻസ് പരീക്ഷ മാറ്റിവച്ചു. ഈ മാസം 15-ാം തീയതി നടത്താനിരുന്ന പരീക്ഷയാണ് മാറ്റിവച്ചത്. കൂടുതൽ പരീക്ഷാ കേന്ദ്രങ്ങൾ സജ്ജമാക്കുന്നതിൻറെ ഭാഗമായാണ് നടപടി. പുതുക്കിയ തീയതി പിന്നീട് അറിയിക്കുമെന്ന് നാഷണൽ ബോർഡ് ഓഫ് examinations in medical sciences അറിയിച്ചു. നീറ്റ് പിജി പരീക്ഷ ഒറ്റ ഷിഫ്റ്റിൽ നടത്തണമെന്ന് കഴിഞ്ഞ ദിവസം സുപ്രീം കോടതി ഉത്തരവിട്ടിരുന്നു.
**************************

## COAL PRODUCTION

രാജ്യത്തെ കൽക്കരി ഉല്പാദനത്തിൽ വർധന. മെയ് മാസത്തിൽ മൊത്തം ഉൽപ്പാദനം 86.24 മെട്രിക് ടണ്ണിൽ എത്തിയതായി കൽക്കരി മന്ത്രാലയം അറിയിച്ചു. മുൻ വർഷത്തെ അപേക്ഷിച്ച് 83.96 മെട്രിക് ടൺ വർധനവാണ് ഉല്പാദനത്തിൽ രേഖപ്പെടുത്തിയത്.
**************************

## VIKSIT KRISHI SANKALP-SHIVRAJ

രാജ്യത്തെ കർഷകരുടെ അഭിവൃദ്ധി ഉറപ്പാക്കുന്നതിനൊപ്പം ഭക്ഷ്യസുരക്ഷയ്ക്കും കേന്ദ്രം പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. വികസിത് കൃഷി സങ്കൽപ്പ് അഭിയാന്റെ ഭാഗമായി ബിഹാറിൽ നടന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യവ്യാപകമായി നടക്കുന്ന വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ അഞ്ചാം ദിവസത്തിലേക്ക് കടന്നു.

*************************

## CHHATTISGARH

ഛത്തീസ്ഗഢിലെ സുഖ്മ ജില്ലയിൽ 16 മാവോയിസ്റ്റുകൾ കീഴടങ്ങി. സി ആർ പി എഫ്, പൊലീസ് ഉദ്യോഗസ്ഥരുടെ മുൻപിലാണ് ഇവർ കീഴടങ്ങിയത്. കീഴടങ്ങിയ ഓരോ മാവോയിസ്റ്റിനും ഛത്തീസ്ഗഢ് സർക്കാർ പ്രഖ്യാപിച്ച 50,000 രൂപ സഹായ ധനം നൽകും.

*************************

## NCW BIHAR

മുസാഫർപൂരിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടി പീഡനത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിൽ ദേശീയ വനിതാ കമ്മീഷൻ ബിഹാർ സർക്കാരിന് നോട്ടീസ് അയച്ചു. സംഭവത്തിൽ സ്വമേധയാ കേസെടുത്ത കമ്മീഷൻ, സമഗ്രവും നിഷ്പക്ഷവുമായ അന്വേഷണം നടത്തി മൂന്ന് ദിവസത്തിനകം വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് സെക്രട്ടറിക്കും ഡിജിപിക്കും നിർദേശം നൽകി. സംഭവത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷനും നോട്ടീസ് അയച്ചു.

*************************

## COVID-NATIONAL

രാജ്യത്ത് നിലവിൽ മൂവായിരത്തി തൊള്ളായിരത്തി അറുപത്തിലധികം കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. 1035 പേർക്ക് രോഗബാധ റിപ്പോർട്ട് ചെയ്ത കേരളത്തിലാണ് ഏറ്റവും

കൂടുതൽ കോവിഡ് കേസുകൾ. മഹാരാഷ്ട്രയിൽ 506 ഉം ഡൽഹിയിൽ 483 ഉം കേസുകൾ റിപ്പോർട്ട് ചെയ്തതായി മന്ത്രാലയം അറിയിച്ചു.

**************************

## VEENA GEORGE - COVID (INTRO)

കേരളത്തിൽ കൃത്യമായ പരിശോധനയിലൂടെ കോവിഡ് വ്യാപനം രേഖപ്പെടുത്തുന്നത് കൊണ്ടാണ് കൂടുതൽ കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യുന്നതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്ജ്. നിലവിലെ കോവിഡ് വകഭേദത്തിന് വ്യാപനശേഷി കൂടുതലായതിനാൽ മുൻകരുതൽ അവശ്യമാണെന്നും മന്ത്രി പത്തനംതിട്ടയിൽ മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

**************************

## NILAMBUR-BYELECTION

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. എൽഡിഎഫ് സ്ഥാനാർഥി എം.സ്വരാജ്, എൻഡിഎ സ്ഥാനാർഥി മോഹൻ ജോർജ്, തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥി പി.വി.അൻവർ എന്നിവർ ഇന്ന് പത്രിക സമർപ്പിച്ചു. നിലമ്പൂരിൽ ഈ മാസം 19 നാണ് വോട്ടെടുപ്പ്. 23 ന് വോട്ടെണ്ണൽ നടക്കും.

**************************

## GLENN MAXWELL RETIRES

ഏകദിന ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു ഓസ്ട്രേലിയൻ ഓൾറൗണ്ടർ ഗ്ലെൻ മാക്സ്‌വെൽ. 13 വർഷം നീണ്ട ഏകദിന കരിയറിന് ശേഷമാണ് വിരമിക്കൽ പ്രഖ്യാപനം. 2015 ലും 2023 ലും ഐസിസി ലോകകപ്പ് കിരീടം ലഭിച്ചപ്പോൾ ഓസ്ട്രേലിയൻ ടീമിൻറെ ഭാഗമായിരുന്നു മാക്സ്‌വെൽ. ഈ വർഷം ആദ്യം ചാമ്പ്യൻസ് ട്രോഫിയിൽ

ഇന്ത്യയ്ക്കെതിരെയായിരുന്നു അദ്ദേഹത്തിൻറെ അവസാന ഏകദിന മത്സരം.
*************************

## IPL
ഐപിഎൽ ക്രിക്കറ്റിൽ, നാളെ നടക്കുന്ന ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും. അഹമ്മദാബാദിൽ രാത്രി 07.30 ന് ആണ് മത്സരം. കന്നിക്കിരീടം ലക്ഷ്യമിട്ടാണ് ശ്രേയസ് അയ്യർ നയിക്കുന്ന പഞ്ചാബും, രജത് പാട്ടിദാറിൻറെ നേതൃത്വത്തിലുള്ള ബെംഗളൂരുവും നാളെ കളത്തിലിറങ്ങുന്നത്.
*************************

## IMD
രാജ്യത്തിൻറെ വടക്കുകിഴക്കൻ മേഖലയിൽ അടുത്ത അഞ്ച് ദിവസങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പശ്ചിമ ബംഗാളിലും സിക്കിമിലും കിഴക്ക് - മധ്യ മേഖലകളിൽ അടുത്ത ഏഴ് ദിവസങ്ങളിൽ മിതമായ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പ്.
*************************

## KERALA RAIN
കേരളത്തിൽ മഴയ്ക്ക് നേരിയ ശമനം. കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. കേരള - കർണാടക - ലക്ഷദ്വീപ് - തീരങ്ങളിൽ മത്സ്യബന്ധനത്തിന് നാളെ വിലക്കേർപ്പെടുത്തി.
*************************

## HAMAS
യുഎസ് നിർദ്ദേശിച്ച ഗാസ വെടിനിർത്തൽ കരാറിൻറെ പശ്ചാത്തലത്തിൽ പരോക്ഷ ചർച്ചകൾ നടത്താൻ സന്നദ്ധത അറിയിച്ച് ഹമാസ്. 60 ദിവസത്തെ വെടിനിർത്തൽ കാലയളവിൽ 10 ഇസ്രായേലി ബന്ദികളെ

മോചിപ്പിക്കാനും 18 ബന്ദികളുടെ മൃതദേഹങ്ങൾ തിരികെ നൽകാനും യു എസ് മിഡിൽ ഈസ്റ്റ് പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ് കരാറിലൂടെ ഹമാസിനോട് ആവശ്യപ്പെട്ടിരുന്നു.
**************************

## POLAND ELECTION

പോളണ്ട് പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ പി ഐ എസ് പാർട്ടി പിന്തുണയുള്ള സ്വതന്ത്ര സ്ഥാനാർത്ഥി കരോൾ നവ്റോക്കി വിജയിച്ചു. 50.89 ശതമാനം വോട്ടുകളാണ് നവ്റോക്കി നേടിയത്. എതിർസ്ഥാനാർത്ഥി റാഫാൽ ട്രാസാസ് കോവ്സ്കിക്ക് 49.11 ശതമാനം വോട്ടുകൾ ലഭിച്ചു.
**************************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 77 പോയിന്റ് കുറഞ്ഞു 81,374 ലും, നിഫ്റ്റി 34 പോയിന്റ് താഴ്ന്നു 24,717 ലും നഷ്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവിലയിൽ വർധന. ഗ്രാമിന് 30 രൂപ വർദ്ധിച്ച് 8,950 രൂപയും പവന് 71,600 രൂപയുമാണ് ഇന്നത്തെ വില.
**************************

## PM- ASIAN ATHLETICS CHAMPIONSHIPS

ദക്ഷിണ കൊറിയയിൽ നടന്ന ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മികച്ച പ്രകടനം കാഴ്ച വച്ച ഇന്ത്യൻ കായികതാരങ്ങളെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കായിക താരങ്ങളുടെ പ്രകടനത്തിൽ രാജ്യം അഭിമാനിക്കുന്നതായി അദ്ദേഹം സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.
**************************

## SIKKIM-EVACUATION

സിക്കിമിലെ, ലാച്ചുങ്ങിൽ കുടുങ്ങിയ 1,678 വിനോദസഞ്ചാരികളെ സുരക്ഷിതമായി ഒഴിപ്പിച്ചു. കഴിഞ്ഞ മാസം 29-ന് വടക്കൻ സിക്കിമിൽ പെട്ടെന്നുള്ള

മേഘവിസ്ഫോടനത്തെയും കനത്ത മഴയെയും തുടർന്നാണ് വിനോദസഞ്ചാരികൾ കുടുങ്ങിയത്.
*************************

## KOCHI-SEARCH

കേരളത്തിൽ, കൊച്ചി വളപ്പ് ബീച്ചിൽ യമൻ സ്വദേശികളായ 9 പേർ അടങ്ങുന്ന സംഘത്തിലെ രണ്ട് പേരെ കാണാതായി. സംഭവസ്ഥലത്ത് കോസ്റ്റൽ പോലീസും, അഗ്നിരക്ഷാ സേനയും, നാവികസേനയും തിരച്ചിൽ നടത്തുന്നുണ്ട്. കോയമ്പത്തൂർ രത്തിനം ആർട്സ് ആൻഡ് സയൻസ് കോളേജിലെ വിദ്യാർത്ഥികളെയാണ് കാണാതായത്.
*************************

## TN- SEXUAL ASSAULT CASE

അണ്ണാ സർവകലാശാലയിലെ വിദ്യാർത്ഥിനിയെ ലൈംഗികമായി പീഡിപ്പിച്ച കേസിൽ പ്രതി ജ്ഞാനശേഖറിന് ജീവപര്യന്തം തടവും 90,000 രൂപ പിഴയും വിധിച്ച് ചെന്നൈ മഹിളാ കോടതി. പ്രതി കുറ്റക്കാരനാണെന്ന് കോടതി നേരത്തെ കണ്ടെത്തിയിരുന്നു.

*

***********

****************************************